

# ACADEMIC MASTER PLAN

**2025** **2026**

## A L P SCHOOL PURANGU

# ആമുഖം

വിദ്യാലയത്തിലെത്തിച്ചേരുന്ന ഓരോ കുട്ടിയുടേയും "ഗുണമേന്മാ വിദ്യാഭ്യാസമെന്ന അവകാശം" ഉറപ്പുവരുത്തുന്നതിനുള്ള കർമ്മപരിപാടികളും അവ സമയബന്ധിതമായി നടപ്പാക്കുമെന്ന ഉറപ്പുനൽകലും ആസൂത്രണം ചെയ്തു തെയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ നടപ്പാക്കുന്ന വിവിധ പരിപാടികളും, പ്രാദേശികമായി സ്കൂൾ തലത്തിൽ നടത്തുന്ന അക്കാദമിക പ്രവർത്തനങ്ങളും ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കികൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. പഠനത്തിൽ മുന്നാക്കം നിൽക്കുന്നവർക്കും പിന്നാക്കം നിൽക്കുന്നവർക്കും പ്രത്യേകം പിന്തുണാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.**

**ആസൂത്രണം ചെയ്ത പദ്ധതികളിൽ രക്ഷകർത്താക്കളിൽ നിന്നെന്ന പോലെ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും മറ്റ അഭ്യുദയ കാംക്ഷികളിൽ നിന്നും സഹകരണങ്ങൾ ഉറപ്പുവരുത്തി കുറ്റമറ്റ അക്കാദമിക പുരോഗമന പ്രവർത്തങ്ങൾക്ക് ഇവിടെ തുടക്കം കുറിക്കുന്നു.**

**എച് എം & സ്റ്റാഫ്** **പി ടി എ പ്രസിഡന്റ് & എം ടി എ**

**എ എൽ പി സ്കൂൾ - പുറങ്ങ്**

# നേട്ടങ്ങൾ

**മലയാളം**

- എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായ വായന കൈവരിക്കുന്നു
- കുട്ടികളിൽ സാഹിത്യ അഭിരുചി വളരുന്നു
- സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുന്നു
- ഭാഷാ ശേഷി വികസിക്കുന്നു
- മികച്ച വായനാ ശീലം വളരുന്നു

**ഇംഗ്ലീഷ്**

- ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നു
- സ്വതന്ത്ര വായനക്ക് പ്രാപ്തി നേടുന്നു
- ഉച്ചാരണ ശുദ്ധി കൈവരിക്കുന്നു

**പരിസരപഠനം**

- സാമൂഹിക ഉത്തരവാദിത്തം വളരുന്നു
- ദിനാചരണങ്ങളും അവയുടെ പ്രത്യേകതകളും കൃത്യതയോടെ മനസിലാക്കുന്നു
- ശാസ്ത്ര മനോഭാവം വളരുന്നു
- പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ പഠിക്കുന്നു
- പ്രകൃതി സംരക്ഷണം ജീവിത ശൈലിയായി മാറുന്നു

**ഗണിതം**

- അടിസ്ഥാന ഗണിതക്രിയകൾ കൈവരിക്കുന്നു
- ഗണിതം ജീവിതവുമായി ബന്ധിപ്പിക്കുന്നു
- ഗണിത ചിന്ത , യുക്തി ചിന്ത വിശകലന ശേഷി തുടങ്ങിയവ വളരുന്നു

**കമ്പ്യൂട്ടർ**

- കുട്ടികൾ സ്വതന്ത്രമായും നിർഭയമായും കംപ്യൂട്ടറുകൾ കൈകാര്യം ചെയ്യുന്നു
- വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം മനസ്സിലാക്കുന്നു
- അറിവ് നിർമ്മാണ പ്രക്രിയ വളരുന്നു

**കായികം**

- എല്ലാകുട്ടികൾക്കും കായികാരോഗ്യ ക്ഷമത കൈവരുന്നു
- ആരോഗ്യ ശീലങ്ങൾ വളരുന്നു
- സ്കൂൾ പരിസരം മലിന മുക്തമാകുന്നു
- സ്കൂൾ പരിസരം ജൈവ വൈവിധ്യങ്ങൾ നിറയുന്നു

## ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി **2024-2025** അക്കാദമിക വർഷത്തിൽ **എ.എൽ.പി** സ്കൂളിൽ ഒന്ന് മുതൽ നാല് വരെ യുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പ് വരുത്തുവാൻ ലക്ഷ്യമിട്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഇതിനായി താഴെ ഉൾക്കൊള്ളിച്ച പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രിതമായി വിദ്യാലയത്തിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

ഒന്നാം തരത്തിൽ 22 ഉം, രണ്ടാം തരത്തിൽ 17 ഉം, മൂന്നാം തരത്തിൽ 18 ഉം, നാലാം തരത്തിൽ 26 ഉം പഠിതാക്കളാണ് ഇപ്പോൾ നിലവിലു ള്ളത്. മലയാള മധുരം, പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവ ഒന്നുമുതൽ നാലുവരെയുള്ള എല്ലാ പഠിതാക്കളെയും ലക്ഷ്യം വെക്കുന്നു. എന്നാൽ സചിത്ര പുസ്തകം ഒന്നും രണ്ടും ക്ലാസിൽ മാത്രമായിരിക്കും.

## മലയാള മധുരം

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

പ്രവർത്തന ഘട്ടങ്ങൾ

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

## സംയുക്ത ഡയറി

- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

## പാട്ടരങ്ങ്

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

## സചിത്രപുസ്തകം

പ്രവർത്തന ഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും )
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## റീഡേഴ്സ് തിയേറ്റർ

പ്രവർത്തന ഘട്ടങ്ങൾ

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച് രണ്ടാം വാരം)

**ചുമതല** P T A , B R C **സാമ്പത്തികം** P T A , B R C

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, ക്ലാസ് മാസ്റ്റർ പ്ലാനുകളുടെ ക്രോഡീകരണമാണ്. ഇതിലെ സൂചകങ്ങൾ മൈക്രോ പ്ലാനുകളായി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടപ്പിലാക്കുന്നത് വിലയിരുത്തുവാൻ ഓരോ മാസത്തിലും അവലോകനം നടക്കും. കൈവരിച്ച മുഖ്യ ലക്ഷ്യങ്ങൾ വിലയിരുത്തി മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ഉണ്ടെങ്കിൽ ഇതിന്റെ അധിക പേജിൽ എഴുതി ചേർക്കും.